പതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1514 — 22/3/2013 - ൽ മറുപടിയ്ക്ക്

## നാഫെഡ് മുഖേനയുള്ള കൊപ്രാ സംഭരണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. മുല്ലക്കര രത്നാകരൻ<br>,, പി. തിലോത്തമൻ<br>ശ്രീമതി ഇ. എസ്. ബിജിമോൾ<br>ശ്രീ. വി. ശശി | | ശ്രീ. കെ.പി. മോഹനൻ<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| എ) | സംസ്ഥാനത്ത് നാഫെഡ് കൊപ്രാ സംഭരണം നിർത്തിവച്ചിട്ടുണ്ടോ; എങ്കിൽ നിർത്തിവയ്ക്കാനുണ്ടായ കാരണങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (എ) | ഉണ്ട്. കൊപ്രസംഭരണത്തിൽ നാഫെഡിന് ഉണ്ടാകുന്ന നഷ്ടത്തിന്റെ 15% മാത്രമേ കേന്ദ്രസർക്കാർ നികത്തുകയുള്ളൂ എന്ന ഉപാധി സ്വീകാര്യമല്ലാത്തതിനാലാണ് നാഫെഡ് കൊപ്ര സംഭരണം നിർത്തി വച്ചത്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം നാഫെഡ് സംഭരിച്ച കൊപ്രയുടെ അളവ് എത്ര; കൊപ്രയ്ക്ക് നാഫെഡ് നൽകുന്ന വില എത്ര; | (ബി) | 2012 സീസണിൽ നാഫെഡ് 18100.918 മെട്രിക് ടൺ മില്ലിംഗ് കൊപ്ര 5100 രൂപ നിരക്കിൽ സംസ്ഥാനതല ഏജൻസികളായ കേരഫെഡും മാർക്കറ്റ്ഫെഡും മുഖേന സംഭരിച്ചിട്ടുണ്ട്. 2013 സീസണിൽ ഇതുവരെ 32.887 മെട്രിക് ടൺ മില്ലിംഗ് കൊപ്ര നാഫെഡ് സംഭരിച്ചിട്ടുണ്ട്. |
| (സി) | നാഫെഡ് മുഖേനയുള്ള കൊപ്രാ സംഭരണം വീണ്ടും ആരംഭിക്കുന്നതിന് എന്തു നടപടിയാണ് സ്വീകരിച്ചു വരുന്നതെന്ന് വെളിപ്പെടുത്തുമോ? | (സി) | വീണ്ടും ആരംഭിക്കാൻ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ